പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2007 — 19.06.2012 -ലെ മറുപടി

ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടിയിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടിയിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (ബി) | തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പൊള്ളാച്ചിയിൽ നിന്നും ബാൽപ്പാറ, മലക്കപ്പാറ, വാഴച്ചാൽ, അതിരപ്പിള്ളി വഴി ചാലക്കുടിക്ക് നിലവിൽ സർവ്വീസ് നടത്തുന്നതിന് പകരമായി ചാലക്കുടിയിൽ നിന്നും അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ, പൊള്ളാച്ചി വഴി പഴനിക്ക് ഒരു ഇന്റർസ്റ്റേറ്റ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | തമിഴ്നാട് സർക്കാരുമായി നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ ചാലക്കുടിയിൽ നിന്നും പഴനിയിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (സി) | ചാലക്കുടി കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ ഷീറ്റുകൾ അടിയന്തിരമായി മാറ്റി മഴക്കാലത്തും വർക്ക് ചെയ്യുവാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഗ്യാരേജിന്റെ ഷീറ്റുകൾ മാറ്റി മഴക്കാലത്തും ഗ്യാരേജിൽ ജോലി ചെയ്യുവാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ